# പരാതി പ്രചോദനമായി; ദിനുവും സോനുവും തെങ്ങിൽ കയറി

രാജപുരം ● ജോലിക്കെത്തിയ വീട്ടിൽ തെങ്ങു കയറാൻ ആളെ കിട്ടുന്നില്ലെന്ന പരാതി കേട്ടു മടുത്താണ് ഇവർ ഒടുവിൽ തെങ്ങുകയറ്റം പരിശീലിക്കാനെത്തിയത്.

അസം സ്വദേശികളായ ദിനുവും സോനുവുമാണ് തെങ്ങുകയറ്റത്തിലെ തൊഴിൽ സാധ്യത കണ്ടറിഞ്ഞ് പരിശീലനത്തിനായി കൊട്ടോടിയിലെ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന പരിശീലന കേന്ദ്രത്തിലെത്തിയത്.

നാട്ടിൽ തെങ്ങുകൾ കുറവാണെങ്കിലും ഇവിടത്തെ തൊഴിൽ സാധ്യതയാണ് തങ്ങളെ തെങ്ങു കയറ്റം പരിശീലിക്കാൻ പ്രേരിപ്പിച്ചതെന്ന് ദിനുവും സോനുവും പറയുന്നു. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഇവർ അഞ്ചു വർഷം മുമ്പാണ് പനത്തടി സ്വദേശിയുടെ വീട്ടിൽ ജോലിക്കെത്തിയത്.

പരിശീലനത്തോടനുബന്ധിച്ച് നടത്തിയ തെങ്ങുകയറ്റ മൽസരത്തിലും ഇവർ സമ്മാനങ്ങൾ നേടി. 45 അടി ഉയരമുള്ള തെങ്ങിൽ രണ്ടു മിനിറ്റ് ഏഴ് സെക്കൻഡ് കൊണ്ട് കയറിയിറങ്ങിയാണ് ദിനു ഒന്നാം സ്ഥാനം നേടിയത്.

ഒരാഴ്ചത്തെ പരിശീലനം കൊണ്ട് ഇവർ മികച്ച രീതിയിൽ തെങ്ങുകയറ്റം പഠിച്ചെടുത്തെന്ന് പരിശീലകൻ പി.എം. ബാബു പറയുന്നു.

കേന്ദ്ര നാളികേര വികസന ബോർഡിന്റെ സഹായത്തോടെ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന തെങ്ങുകയറ്റ പരിശീലനത്തിൽ രണ്ട് സ്ത്രീകളുൾപ്പെടെ ഇരുപത് പേരാണ് കഴിഞ്ഞ ദിവസം പരിശീലനം നേടിയത്.

ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രവും കേന്ദ്ര നാളികേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും ഭക്ഷണവും താമസ സൗകര്യവും നൽകുന്നു. ഇതോടൊപ്പം രണ്ട് ലക്ഷം രൂപയുടെ സൗജന്യ അപകട ഇൻഷുറൻസ് പരിരക്ഷയും നൽകുന്നുണ്ട്. ഫോൺ: 9400097845.



കൊട്ടോടി മാസ് പരിശീലന കേന്ദ്രത്തിൽ തെങ്ങുകയറ്റത്തിലേർപ്പെട്ട അസം സ്വദേശികളായ ദിനുവും സോനുവും.